പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1491 06.03.2018-ലെ മറുപടിക്ക്

# സി.എൻ.ജി. ബസ്

**ചോദ്യം**

ശ്രീ. ടി.എ.അഹമ്മദ് കബീർ
" വി.കെ.ഇബ്രാഹിംകുഞ്ഞ്

**ഉത്തരം**

എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 25 ലക്ഷം രൂപയോളം മുടക്കി കെ.എസ്.ആർ.ടി.സി. വാങ്ങിയ സി.എൻ.ജി. ബസ്സ് ഉപയോഗിക്കാൻ സാധിച്ചിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | തലസ്ഥാനത്ത് പ്രകൃതി വാതക സ്റ്റേഷനുകൾ ഇല്ലാതെ ഉപയോഗിക്കാൻ സാധിക്കില്ല എന്ന് ബോധ്യമുണ്ടായിട്ടും സി.എൻ.ജി ബസ്സ് വാങ്ങിയതിനെ സംബന്ധിച്ച് വകുപ്പ് തലത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; | (ബി) യും (സി) യും | ഓയിൽ കമ്പനികളുമായി നടത്തിയ ചർച്ച പ്രകാരം തിരുവനന്തപുരത്ത് 2017 ജൂണിൽ സി.എൻ.ജി ഫില്ലിംഗ് സ്റ്റേഷൻ സ്ഥാപിക്കപ്പെടേണ്ടതായിരുന്നു. ഇതിനായി കെ.എസ്.ആർ.ടി.സി തിരുവനന്തപുരം ആനയറയിൽ സ്ഥലം വിട്ടു നൽകുകയും ചെയ്തിരുന്നു. സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച് ചില സാങ്കേതിക തടസ്സങ്ങൾ ഉണ്ടായതിനാലാണ് ഫില്ലിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നത് വൈകാൻ ഇടയായത്. ബഹു. ദേശീയ ഹരിത ട്രൈബ്യൂണലിന്റെ വിധിയുടെ അടിസ്ഥാനത്തിലാണ് സി.എൻ.ജി ബസ്സുകൾ ഓടിക്കുന്നതിനെ സംബന്ധിച്ച് ആലോചിച്ചത്. സി.എൻ.ജി ബസ്സുകൾ ഓടിക്കുന്നതിന്റെ പ്രായോഗികത കണക്കിലെടുത്താണ് ഒരു ബസ്സ് പരീക്ഷണാടിസ്ഥാനത്തിൽ ഓടിക്കുന്നതിന് തീരുമാനിച്ചത്. |
| (സി) | ഇത്തരത്തിലുള്ള തീരുമാനങ്ങൾ കാരണം കെ.എസ്.ആർ.ടി.സി കൂടുതൽ സാമ്പത്തിക പ്രതിസന്ധിയിൽ അകപ്പെട്ടു പോകും എന്നതിനാൽ ഈ പ്രവണത അവസാനിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ